04/12/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**


ഹർജി നമ്പർ **AP. 1416*(2)/2019*/**എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9887**/എസ്.ഐ.സി-ജി 6/2019)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ്,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി,
ജനമിത്രം കുടുംബക്ഷേമ നീതിവേദി,
അബ്ബാ ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,
കോഴിക്കോട് – 673 001.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട്(ജി) സെക്ഷൻ,
താമരശ്ശേരി താലൂക്ക് ഓഫീസ്,
മിനി സിവിൽസ്റ്റേഷൻ,
കോഴിക്കോട് – 673 573.
2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ(പി) സെക്ഷൻ,
താമരശ്ശേരി താലൂക്ക് ഓഫീസ്,
മിനി സിവിൽസ്റ്റേഷൻ,
കോഴിക്കോട് – 673 573.
3. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്, താമരശ്ശേരി,
കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30/01/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/02/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07/03/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29/03/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06/06/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10/06/2019 |
| ഹിയറിംഗ് നടന്ന തീയതി | 09.11.2021 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ് 06/06/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 10.06.2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1416(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 30/01/2019-ൽ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25/02/2019-ന് നൽകിയ മറുപടിയിൽ, ഹർജിക്കാരന്റെ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ വിഷയം (1) പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് താലൂക്ക് ലാന്റ് ബോർഡ്, താമരശ്ശേരിക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും എന്നാൽ വിഷയം (2) പ്രകാരം ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ടി കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണെന്നും എന്നാൽ തോട്ട നികുതിയുമായി ബന്ധപ്പെട്ട ഫയലും രജിസ്റ്ററും നിയമാനുസൃതം ടിയാന് പരിശോധിക്കാവുന്നതാണെന്നും പരിശോധന ഓഫീസ് സമയത്ത് ഓഫീസ് പ്രവർത്തനത്തിന് ഭംഗം വരാത്ത രീതിയിൽ നടത്താവുന്നതാണെന്നും പരിശോധനയ്ക്ക് ആദ്യത്തെ 1 മണിക്കൂർ സൗജന്യവും പിന്നീട് വരുന്ന ഓരോ 30 മിനിറ്റിനും ആയതിന്റെ അംശത്തിനും 10/- രൂപ ഫീസ് ഒടുക്കേണ്ടതുമാണെന്നും ടി മറുപടിയിൽ ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ താമരശ്ശേരി തഹസിൽദാർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമാണ്.

4. അപ്പീൽ ഹർജിക്കാരൻ 07/03/2019-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 29/03/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 22/10/2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടി ഓഫീസിലെ എസ്.പി.ഐ.ഒ അപേക്ഷകന്റെ മേൽ പറഞ്ഞ അപേക്ഷ വിശദമായി പരിശോധിക്കുകയും 1 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ആയത് അപേക്ഷ കക്ഷിക്ക് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് താമരശ്ശേരി താലൂക്ക് ലാന്റ് ബോർഡ്

ചെയർമാന് 14/02/2019-ന് ടി ഓഫീസിൽ നിന്നും അയച്ചു കൊടുക്കുകയും വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ 19 ാം മത്തെ നമ്പറായി ആവശ്യപ്പെട്ട തോട്ട നികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഫയലുകളും രജിസ്റ്ററുകളും നിയമാനുസൃതം അപേക്ഷന് നേരിട്ട് പരിശോധിക്കാവുന്നതാണെന്ന് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത മറുപടിക്കെതിരെ അപേക്ഷകൻ അപ്പീൽ അധികാരിയായ തഹസിൽദാർ മുമ്പാകെ സെക്ഷൻ 19(1) പ്രകാരം 08.03.2019 തീയതി ഒന്നാം അപ്പീൽ സമർപ്പിക്കുകയും ആയത് പ്രകാരം കക്ഷിയെ നേരിൽ കേൾക്കുന്നതിനായി 26/03/2019-ന് വിചാരണയ്ക്ക് ഹാജരാവാൻ അപേക്ഷകന് 13/03/2019-ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ അപേക്ഷകൻ വിചാരണയ്ക്ക് ഹാജരായിട്ടില്ലാത്തതും എസ്.പി.ഐ.ഒ.യെ വിചാരണ നടത്തുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ നിന്നും അപേക്ഷ കക്ഷി നിശ്ചിത സമയ പരിധിക്കുള്ളിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ടി അപേക്ഷയിൽ വിഷയം 1 പ്രകാരം പരാമർശിച്ചിരിക്കുന്ന വിഷയം താമരശ്ശേരി താലൂക്കിൽ ലഭ്യമല്ലാത്തതിനാൽ താമരശ്ശേരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാന് 14/02/2019–ന് അപേക്ഷ സഹിതം അയച്ചു കൊടുത്തിട്ടുള്ളതും വിവരം കക്ഷിയെ അറിയിച്ചിട്ടുള്ളതുമാണെന്നും അപേക്ഷ സംബന്ധിച്ച വിവരങ്ങൾ മറ്റൊരു പബ്ലിക് അതോറിറ്റിയുടെ കൈവശമാണെങ്കിൽ അപേക്ഷ കൈമാറിയ വിവരം അപേക്ഷകനെ അറിയിച്ചാൽ മതിയാകുന്നതാണെന്ന് വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം പ്രതിപാദിക്കുന്നുണ്ടെന്നും വിവരാവകാശ നിയമത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ലഭ്യമായ വിവരങ്ങൾ അപേക്ഷകന് സൗജന്യമായി നൽകാൻ എസ്.പി.ഐ.ഒ–യെ അറിയിച്ചുകൊണ്ട് 29/03/2019–ന് അപ്പീൽ തീർപ്പാക്കി ഉത്തരവാകുകയും ചെയ്തുവെന്നും പ്രസ്തുത ഉത്തരവ് 30/03/2019–ന് കക്ഷിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും, താമരശ്ശേരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാനിൽ നിന്നും 30/03/2019 തീയതിയിൽ TLB(K) 3/90 അമാൽഗമേറ്റഡ് മലബാർ എസ്റ്റേറ്റ്(പ്രൈവറ്റ് ലിമിറ്റഡ്)മായി ബന്ധപ്പെട്ട സീലിംഗ് കേസ് 20.07.2017, 24.07.2017 എന്നീ തീയതികളിലെ താമരശ്ശേരി താലൂക്ക് ലാന്റ് ബോർഡിന്റെ യോഗ തീരുമാന പ്രകാരം തീർപ്പാക്കുകയും മേൽപരിശോധനയ്ക്കായി സെക്രട്ടറി, ലാന്റ് ബോർഡിലേക്ക് കൈമാറുകയും ചെയ്തതാണ് എന്നും ആയതിനാൽ ഇതു സംബന്ധിച്ച മിനുട്സിന്റെ രേഖകളല്ലാതെ മറ്റൊരു രേഖയും പ്രസ്തുത ഓഫീസിൽ ലഭ്യമല്ല എന്നും കാണിച്ച് മിനുട്സിന്റെ കോപ്പി സഹിതം മറുപടി ലഭിക്കുകയും ആയത് പ്രകാരം ലഭിച്ച രേഖകൾ അപേക്ഷകന് സൗജന്യമായി 5.04.2019–ന് നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരമുള്ള വിവരം ഹർജിക്കാരന് നൽകണമെന്ന് 09/11/2021-ന് നടന്ന ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 09-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)